യായി മാറ്റി. ഇപ്പോൾ 13 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും 61 ഓർഡിനറി സർവ്വീസുകളും ഉൾപ്പെടെ 74 ഷെഡ്യൂളുകൾക്ക് 69 ബസ്സുകൾ അവിടെ ഉണ്ട്. ഒരു ഫാസ്റ്റ് പാസഞ്ചർ ബസ്സ് ഉൾപ്പെടെ 12 ബസുകളുടെ കുറവ് ഈ ഡിപ്പോയ്ക്കാണ്. പുതിയ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ ഡിപ്പോയിലെ ബസ്സുകളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളെടുക്കുന്നതാണ്. നിലവിലുള്ള വർക്ക്ഷോപ്പ് ബിൽഡിംഗിന്റെ മുകളിലായി 5.75 ലക്ഷം രൂപ മുതൽ മുടക്കി പണി ചെയ്തുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ജോലികൾ പൂർത്തിയായാൽ ഉടൻ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഓഫീസ് അവിടേയ്ക്ക് മാറ്റുന്നതാണ്. പ്രസ്തുത കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ പണികൾക്കായി 36,000 രൂപ അടങ്കൽ തുക കണക്കാക്കി ടെണ്ടർ വിളിച്ചിട്ടുണ്ട്. സബ് സ്റ്റേഷൻ യാർഡ് ടാർ ചെയ്യുന്നതിനും ഡീസൽ പമ്പിന് ചുറ്റുമുള്ള ബസ് പാർക്കിംഗ് യാർഡ് മെറ്റൽ ചെയ്യുന്നതിനുമായി 2.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 3.2.2010-ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ബസ് സ്റ്റേഷൻ യാർഡിൽ ആവശ്യത്തിനുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി 24,700 രൂപ ചെലവ് വരുന്ന ഒരു കരാർ നൽകിക്കഴിഞ്ഞു. ഇതിന്റെ പണികൾ ഉടനേ തുടങ്ങുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്ക് ആയിരം ലിറ്റർ ശേഷിയുള്ള ഒരു ടാങ്ക് വാങ്ങി; ഇൻസ്റ്റലേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ബസ് സ്റ്റേഷനുചുറ്റും മതിലില്ലാത്ത സാഹചര്യത്തിൽ കമ്പിവേലി കെട്ടി അത് സംരക്ഷിക്കാനുള്ള നടപടികൾ എടുത്തുവരികയാണ്.

(17) പൂഞ്ഞാർ മണ്ഡലത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന വികസന പ്രവർത്തനങ്ങൾ

<u>ശ്രീ. പി.സി. ജോർജ്ജ്</u> : സർ, കോട്ടയം ജില്ലയിലെ കിഴക്കൻ മേഖലയായ പൂഞ്ഞാർ മണ്ഡലത്തിൽ ഇലവിഴപൂഞ്ചിറ, മാർമല, അയ്യമ്പാറ, വാഗമൺ, വഴികടവ്, കുരിശുമല പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ടൂറിസം പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റി സംസ്ഥാന സർക്കാർ ചില നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഞാൻ പലപ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടുത്തകാലത്ത് ഒരു എം.പി. കോട്ടയത്ത് നടത്തിയ പത്ര സമ്മേളനത്തിൽ കേരളത്തിലെ ടൂറിസം വികസനത്തിന് അസാധാരണ താല്പര്യം എടുത്ത് കേന്ദ്ര ഗവൺമെന്റുതന്നെ ചില നിർദ്ദേശങ്ങൾ വച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. സാധാരണഗതിയിൽ കേരള സർക്കാർ താല്പര്യമെടുത്ത് പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ച് നിരന്തര സമ്മർദ്ദം ചെലുത്തുക എന്നതാണ് നടപടി. ഇവിടെ കേരളം പദ്ധതി സമർപ്പിക്കാതെതന്നെ കേന്ദ്രം നേരിട്ട് ഇടപെട്ടിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെതന്നെ ഒരു നോട്ടുണ്ട്. "മീനച്ചൽ താലൂക്കിലെ കിഴക്കൻ പ്രദേശങ്ങളായ മേലുകാവ്, മിക്കോയി, തലനാട് പഞ്ചായത്തുകളിലെ ശാന്തസുന്ദരമായ പ്രകൃതിഭംഗി ഉറങ്ങിക്കിടന്നിരുന്നത് തൊട്ടുണർത്തി എം.പി. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായ്." എന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം പത്രക്കാർക്ക് കൊടുത്ത നോട്ടാണ് ഞാൻ വായിച്ചത്. സംസ്ഥാന ഗവൺമെന്റ് കുറെയേറെ കാര്യങ്ങൾ ചെയ്യാൻവേണ്ടി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇങ്ങനെയൊക്കെ പറഞ്ഞിരിക്കുന്നത്. അതിന് തെളിവായി കേന്ദ്രമന്ത്രിയുടെ ഒരു കത്തും അദ്ദേഹം ഹാജരാക്കിയിട്ടുണ്ട്. ഞാൻ അന്വേഷിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇതു സംബന്ധിച്ച് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല; ഒരു പൈസപോലും ഈ പദ്ധതിക്കുവേണ്ടി മാറ്റിവച്ചിട്ടില്ല എന്നാണ് അറിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ത്. ഞാനിവിടെ ബഹുമാനപ്പെട്ട സഭാക്ഷ്യന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്ന് നീക്കംചെയ്തു. ചില കാര്യങ്ങൾ നടത്തിക്കാനുള്ള നടപടി സ്വീകരിക്കുമ്പോൾ ചില എം.പി.മാർ അത് വച്ച് മുതലെടുക്കുന്ന നടപടി അവസാനിപ്പിക്കണം. ഇതിന്റെ യാഥാർത്ഥ്യം നാട്ടുകാരെ അറിയിക്കണം.

<u>ശ്രീ. ടി.കെ. ഹംസ</u> : ഏത് എം.പി.യാണെന്നു പറയാമോ?

<u>ശ്രീ. പി.സി. ജോർജ്</u> : എം.പി.യാണ്.

<u>മി. സ്പീക്കർ</u> : പാർലമെന്റ് അംഗത്തെക്കുറിച്ചുള്ള പരാമർശം സഭയിൽ അനുവദനീയമല്ല. അത് സഭാനടപടികളിൽനിന്നും നീക്കം ചെയ്യുന്നു. എം.പി.യുടെ കത്തൊക്കെ പരാമർശിക്കാം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, ഇതിനകത്ത് ഇറെഗുലറായോ ഇല്ലീഗലായോ ഒന്നുമില്ല. ഇദ്ദേഹം ഉന്നയിച്ചിരിക്കുന്ന പ്രദേശങ്ങളിൽ വാഗമൺ ആണ് പ്രധാന പോയിന്റ്. വാഗമൺ ഉൾപ്പെടെ അന്താരാഷ്ട്ര റിസോർട്ടായി വികസിപ്പിക്കാനുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ സംസ്ഥാന ഗവൺമെന്റ് കൊടുത്ത സ്കീം അനുസരിച്ച് 10 കോടി രൂപ ഈ വർഷം ഗവൺമെന്റിൽ കിട്ടിയിട്ടുണ്ട്. അത് 741 ഹെക്ടർ സ്ഥലത്ത് ബൗണ്ടറി കെട്ടാനാണ്. അതിൽ വാഗമൺ പ്രദേശത്തിനുവേണ്ടി 450 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്. പന്ത്രണ്ടായിരത്തോളം കോടി രൂപ ഫോറിൻ എക്സ്ചേഞ്ച് ഉണ്ടാക്കുന്ന ഈ മേഖലയ്ക്ക് കേന്ദ്ര ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത് 160 കോടി രൂപയാണ്. അതിൽ അവരുടെ വിദേശസഞ്ചാരമൊക്കെ കഴിഞ്ഞാൽ സംസ്ഥാനങ്ങൾക്ക് തരാൻ വലിയ കാശൊന്നും കാണുകയില്ല. എങ്കിൽപ്പോലും എന്റെ അഭിപ്രായത്തിൽ കഴിഞ്ഞവർഷം ഇന്ത്യയിൽ കേന്ദ്ര സഹായം ഏറ്റവും കൂടുതൽ കിട്ടിയ സംസ്ഥാനം കേരളമാണ്. ഇതൊക്കെ ഡെവലപ്പ് ചെയ്യാനായി 741.85 ഹെക്ടർ സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഗോൾഫ് ക്ലബ്ബുകൾ, സ്റ്റാർ ഹോട്ടലുകൾ തുടങ്ങിയവയൊക്കെ ഉദ്ദേശിക്കുന്നുണ്ട്. വാഗമൺ വികസിക്കുമ്പോൾ സ്വാഭാവികമായും ചുറ്റുപാടുമുള്ള പ്രദേശങ്ങളും വികസിക്കുന്നതാണ്. ഇലവിഴപൂഞ്ചിറ, കുരിശുമല തുടങ്ങിയ പ്രദേശങ്ങൾകൂടി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്രമന്ത്രിയുടെ കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എം.പി. കൊടുത്ത നിവേദനത്തിൽ പറഞ്ഞ സ്ഥലങ്ങൾ വികസിപ്പിക്കുന്നതിനുള്ള കാശ് സംസ്ഥാന ഗവൺമെന്റ് മുടക്കണം എന്നാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്.

V റിപ്പോർട്ട് സമർപ്പണം

ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 7-ാമത് റിപ്പോർട്ട്

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 7-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

<u>മി. സ്പീക്കർ</u> : രണ്ട് ബില്ലുകൾ ഇന്ന് പരിഗണിച്ച് പാസ്സാക്കേണ്ടതായിട്ടുണ്ട്. എല്ലാവരും സഹകരിക്കുകയാണെങ്കിൽ മൂന്ന് മണിക്കുമുമ്പ് തീർക്കാം, സഹകരിക്കണം. രണ്ട് ബില്ലുകൾ എന്നു പറയുമ്പോൾ അവ സമാന സ്വഭാവമുള്ള ബില്ലുകളായതുകൊണ്ട് രണ്ടിന്റെയും ചർച്ച രണ്ടായിട്ട് വേണ്ട ഒരുമിച്ചാകാം; ചർച്ച എന്നു പറഞ്ഞാൽ ഭേദഗതി അതിന് നീണ്ട ചർച്ചയൊന്നും

LIBRARY ARCHIVES Kerala Legislative Assembly